**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ നേടുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട, തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ആന്റ് ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്ന വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ മുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയും സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്ത വിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പി.എസ്.സി വഴി ജോലി ലഭിക്കുന്നതിനുള്ള പരിശീലനം ജില്ലാ ആസ്ഥാനങ്ങളിൽ നടന്നു വരുന്നു. ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ നേടുന്നതിനായി അവർക്ക് പ്രത്യേക നൈപുണ്യ പരിശീലനം നൽകി അവരെ വിവിധ വ്യാവസായിക ഉൾപാദന കേന്ദ്രങ്ങളിൽ ജോലി ലഭ്യമാക്കുന്നു. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നവർക്ക് ആധുനിക കൃഷിരീതിയിൽ പ്രത്യേക പരിശീലനം നൽകി അവർക്ക്, കൂടുതൽ |

| | | | |
|---|---|---|---|
| | | | ഉൽപാദനത്തിലൂടെ സ്ഥിരവരുമാനം ഉറപ്പാക്കുന്നു. വനിതകളായ സ്ത്രീകൾക്ക് തയ്യൽ പരിശീലനം നൽകി ഗ്രൂപ്പുകളാക്കി ഉൽപാദനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പ്രത്യേക പരിശീലനവും ഒപ്പം ധനസഹായവും നൽകി, അവർക്ക് വകുപ്പിന്റെ തന്നെ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ